**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 473</u>** **<u>24-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ലഹരി ഉപയോഗം തടയാൻ ഓപ്പറേഷൻ ഹണ്ട്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലഹരി ഉപയോഗം തടയുന്നതിന് പോലീസിന്റെയും എക്സൈസിന്റെയും നേതൃത്വത്തിലുള്ള ഓപ്പറേഷൻ ഹണ്ടിന്റെ ഭാഗമായി നടന്നുവരുന്ന പരിശോധനകളുടെയും അറസ്റ്റുകളുടെയും പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സമൂഹത്തിന്റെ എല്ലാ വിഭാഗത്തിൽ പ്പെട്ടവരുടെയും പങ്കാളിത്തത്തോടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് വിശദമായ കർമ്മപദ്ധതി ആവിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സമൂഹത്തെ വിഷലിപ്തമാക്കുന്ന മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയ ദുശീലങ്ങളിൽ നിന്നും വളർന്നുവരുന്ന തലമുറയെ അകറ്റിനിർത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. രക്ഷിതാക്കളുടെയും അധ്യാപകരുടെയും ഉൾപ്പെടെ സമൂഹത്തിന്റെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. ലഹരിക്കെതിരെ ശക്തമായ ക്യാമ്പയിൻ വഴി ജീവിതമാണ് ലഹരി എന്ന ലക്ഷ്യത്തിലേക്ക് നയിക്കുവാൻ കഴിയണം.<br><br>സംസ്ഥാനത്ത് മയക്കുമരുന്ന് ഭീഷണിയെ ചെറുക്കുന്നതിന് പോലീസ് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (DANSAF) ഉൾപ്പെടെയുള്ള പ്രത്യേക സംഘങ്ങൾ ഇത്തരം കേസുകളിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മയക്കുമരുന്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ട്രാക്ക് ചെയ്യുന്നതിനും ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ നിരവധി സങ്കേതങ്ങൾ പോലീസ് വിനിയോഗിച്ചുവരുന്നു. തട്ടുകടകൾ, ലോഡ്ജുകൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പ്രത്യേക ഡ്രൈവുകൾ നടത്തിവരുന്നു. ഇതരസംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലങ്ങൾ, റെയിൽവേസ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. സമീപവർഷങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗം |

ഗുരുതരമായ പ്രശ്നമായി കണ്ടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അന്താരാഷ്ട്ര ഷിപ്പിംഗ് റൂട്ടുകളുമായുള്ള സംസ്ഥാനത്തിന്റെ സാമീപ്യം നിയമവിരുദ്ധ കടത്തുകൾക്ക് കാരണമായിട്ടുണ്ട്. വില കുറഞ്ഞ സിന്തറ്റിക് മയക്കുമരുന്നുകളുടെ ഉപയോഗത്തിൽ വർദ്ധനവ് കണ്ടെത്തിയിട്ടുണ്ട്. കർശനമായ നിയമം നടപ്പാക്കൽ ബോധവത്ക്കരണ പരിപാടികൾ, മയക്കു മരുന്നുകൾക്ക് അടിമകളായവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ എന്നിവ സംസ്ഥാനത്തിന്റെ ശ്രമത്തെ പ്രതിഫലിപ്പിക്കുന്നവയാണ്. നിലനിൽക്കുന്ന ഭീഷണിക്ക് തടയിടുന്നതിന് ആരോഗ്യസംരക്ഷണദാതാക്കൾ പ്രാദേശിക സമൂഹങ്ങൾ എന്നിവയുടെ പിന്തുണയും ശ്രമവും ആവശ്യമാണ്. ഇതിലും പ്രധാനമാണ് കുടുംബബന്ധങ്ങളിൽ വന്ന മാറ്റം. വരും കാലങ്ങളിൽ ലഹരിക്കെതിരെയുള്ള നടപടികൾ ഫലപ്രദമായി നടപ്പിലാക്കാൻ പോലീസും എക്സൈസും ഇതരവകുപ്പുകളും ചേർന്നുള്ള കർമ്മപദ്ധതിക്ക് സർക്കാർ രൂപം നൽകും.

നിരോധിത മയക്കുമരുന്നുകളുടെ സംഭരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടുപിടിച്ച് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെയും, സമൂഹം ലഹരി വിമുക്തമാക്കുന്നതിന്റെയും മുന്നോടിയായി സ്വീകരിച്ച പ്രതിരോധ നടപടികളുടെ ഭാഗമായി കേരള പോലീസ് സംസ്ഥാന വ്യാപകമായി വിവിധ ഘട്ടങ്ങളിലായി സംഘടിപ്പിച്ചു വരുന്ന സ്പെഷ്യൽ ഡ്രൈവ് ആണ് 'ഓപ്പറേഷൻ ഡി-ഹണ്ട്'.

27.01.2024 ൽ നടത്തിയ ഡി-ഹണ്ട് ഓപ്പറേഷനിൽ 281 കേസുകൾ രജിസ്റ്റർ ചെയ്തു. 2024 മെയ് മാസം 15 മുതൽ 25 വരെ നടത്തിയ ഓപ്പറേഷനിൽ 2728 കേസുകൾ രജിസ്റ്റർ ചെയ്തു. 2024 ഓഗസ്റ്റ് 20 മുതൽ സെപ്തംബർ 1 വരെ 2875 കേസുകൾ രജിസ്റ്റർ ചെയ്തു.

25.02.2025 മുതൽ 18.03.2025 വരെ 6,405 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും, 6,645 പേരെ അറസ്റ്റ് ചെയ്യുകയും ഉണ്ടായി. മാരക മയക്കുമരുന്നുകളായ എം.ഡി.എം.എ (3.945 Kg), കഞ്ചാവ് (382.996 Kg), കഞ്ചാ ബീഡി (4513 എണ്ണം) ഇവരിൽ നിന്ന് പിടിച്ചെടുക്കുകയുണ്ടായി.

കേരള എക്സൈസ് - ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ് എന്ന പ്രത്യേക ഡ്രൈവിലൂടെ 05.03.2025 മുതൽ 19.03.2025 വരെ 6506 റെയ്ഡുകൾ നടത്തി. മറ്റ് വകുപ്പുകളുമായി ചേർന്ന് 177 റെയ്ഡുകളും നടത്തി. 60,240 വാഹനങ്ങൾ പരിശോധിച്ചു. ഒളിവിൽ കഴിഞ്ഞിരുന്ന 49 പ്രതികളെ അറസ്റ്റ് ചെയ്തു.

| | | | |
|---|---|---|---|
| | | | ഈ റെയ്ഡുകളിൽ 901 പേരെ പ്രതി ചേർത്ത് 847 എൻഡിപിഎസ് കേസുകൾ രജിസ്റ്റർ ചെയ്തു. ഇതിൽ 873 പേരെ അറസ്റ്റ് ചെയ്തു. 46 വാഹനങ്ങളും 1,77,820 രൂപയും പിടിച്ചെടുത്തു. 179.35 കിലോ കഞ്ചാവ്, 94 കഞ്ചാവ് ചെടികൾ, 14,800.01 ഗ്രാം കഞ്ചാവ് ചോക്ലേറ്റ്, 96.8 ഗ്രാം ബാംഗ്, 60.845 ഗ്രാം ഹെറോയിൻ, 22 ഗ്രാം ചരസ്, 3.461 ഗ്രാം ഹാഷിഷ്, 31.7 ഗ്രാം ഹാഷിഷ് ഓയിൽ, 123.88 ഗ്രാം എംഡിഎംഎ, 40.538 ഗ്രാം മെത്താഫിറ്റാമിൻ, 0.035 ഗ്രാം എൽഎസ്ഡി, 12.82 ഗ്രാം നൈട്രോസഫാം ടാബ്ലറ്റ് തുടങ്ങിയവയും പിടിച്ചെടുത്തു. എൻഡിപിഎസ് നിയമപ്രകാരം ഒന്നിലധികം മേജർ/കൊമേഴ്ഷ്യൽ എൻഡിപിഎസ് കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ 1988 ലെ PITNDPS Act ലെ സെക്ഷൻ 3(1) പ്രകാരം കരുതൽ തടങ്കലിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ 22.03.2025 വരെ നൂറോളം പേർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് മുഖ്യമന്ത്രി ഉന്നത പോലീസ് മേധാവികളുടെ യോഗം വിളിച്ചു ചേർത്തിരുന്നോ; വിശദമാക്കുമോ; | (ബി) | ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 13/02/2025-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരുടെ ഒരു ഓൺലൈൻ യോഗം വിളിച്ചു ചേർത്തിരുന്നു.<br><br>പ്രസ്തുത യോഗത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള എൻ.ഡി.പി.എസ് കേസുകളുടെ വിശദാംശങ്ങൾ അവലോകനം ചെയ്യുകയുണ്ടായി. ലഹരി ഉപയോഗം മൂലമുണ്ടാകുന്ന വിപത്തുകളിൽ ഏറ്റവും കൂടുതൽ ഇരയാകുന്നത് കുട്ടികളാണെന്നും ആയതിനാൽ പോലീസും, എക്സൈസും കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുക ഉണ്ടായി. ഈ വിഷയത്തിൽ എല്ലാ വകുപ്പുകളെയും വിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ഒരു യോഗം ചേരാനും തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലുള്ള വിപുലമായ യോഗം മാർച്ച് 24 ന് നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | ലഹരിയുമായി ബന്ധപ്പെട്ട കേസുകളുടെ വിസ്താരവേളയിൽ കുറ്റക്കാർ തെളിവുകളുടെ അഭാവത്താൽ രക്ഷപെടുന്ന സാഹചര്യം ഒഴിവാക്കാൻ പ്രത്യേക മാനുവൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇക്കാര്യം അഡ്വക്കേറ്റ് ജനറലും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും നിയമ, ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിമാരും സംസ്ഥാന പോലീസ് മേധാവി, എക്സൈസ് കമ്മീഷണർ തുടങ്ങിയവരുമായി കൂടിയാലോചിച്ച് ഉചിതമായ നിർദ്ദേശം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ലഹരി കുറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഏർപ്പെടുന്നവർക്കെതിരെ എന്തെല്ലാം കരുതൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ലഹരി കുറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഏർപ്പെടുന്നവർക്കെതിരെ PITNDPS Act, 1988 പ്രകാരം കരുതൽ തടങ്കലിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇത്തരം കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടു കെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>ഇന്റർനെറ്റിന്റെ ഭാഗമായ ഡാർക്ക്നെറ്റിലെ അജ്ഞാത മാർക്കറ്റുകളും ഫോറങ്ങളും വഴിയുള്ള പ്രവർത്തനങ്ങൾ ട്രാക്ക് ചെയ്യുന്നതിനും ഇത്തരം കുറ്റവാളികളെ നിരീക്ഷിക്കുന്നതിനും അന്താരാഷ്ട്ര, അന്തർ സംസ്ഥാന ശൃംഖലകളുടെ പ്രധാന കണ്ണികൾ കേന്ദ്രീകരിച്ച് നിരീക്ഷണം കൂടുതൽ ശക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് മറ്റു ഏജൻസികളുടെ സഹായം തേടും. |

സെക്ഷൻ ഓഫീസർ